**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 71** **07-06-2021 - ൽ മറുപടിയ്ക്ക്**

**വ്യാജ ഇ-മെയിൽ ഐഡി ഉപയോഗിച്ചുള്ള പണപ്പിരിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. Pinarayi Vijayan**<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത നേതാക്കളുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും പേരിൽ വ്യാജ ഇ-മെയിൽ ഐഡി ഉണ്ടാക്കി പണ പിരിവ് നടത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. വ്യാജ ഇ-മെയിൽ ഐഡി ഉണ്ടാക്കി പണപ്പിരിവ് നടത്തുന്നതുമായി ബന്ധപ്പെട്ട് നാല് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഇത്തരത്തിലുള്ള സാമ്പത്തിക തട്ടിപ്പുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നതും കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ സംബന്ധിച്ചും ചതിക്കുഴികളിൽ പെടാതിരിക്കുന്നതിനും പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ സംഘടനകളുടെയും ക്ലബ്ബുകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും ജില്ലാ സൈബർ സെല്ലുകളുടെയും നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നിർദ്ദേശങ്ങൾ നല്കിയും ഇത്തരത്തിലുള്ള തട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**വ്യാജ ഇമെയിൽ ID യുമായി ബന്ധപ്പെട്ട് റജിസ്റ്റർ ചെയ്ത കേസുകൾ**

| District | Police station | Cr.No | Sec.of Law | Details of the Sr Officer /leader whose fake Id was created | Present stage |
|---|---|---|---|---|---|
| EKM C | Cyber crime PS | 02/2021 | Sec 468,471,417,419IPC and 66C and 66 D of IT Act | ADGP(L&O) Sri. Vijay Sakhare, IPS | UI |
| TSR R | Varantharappilly | 762/2020 | 419,420IPC and 66(C)66(D) of IT ACT | C. Chitharanjan, SI of Police, Varantharappilly | UI |
| KNR R | Taliparamba | 912/2020 | 419,420 IPC and 66(C),66(D) of IT ACT | Sumesh TP, Inspector of Police, VACB | UI |
| KNR R | Taliparamba | 183/2021 | 468,469,511,420 of IPC & 66(D) IT ACT | (Dr.Navneet Sharma,IPS, DPC Kannur Rural | UI |

സെക്ഷൻ ഓഫീസർ